# ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 10–ാമത് ഓർമ്മപ്പെരുന്നാൾ ഇന്നും നാളെയും

**ഞാലിയാകുഴി ദയറായിൽ**

**യേശുനാമ പ്രാർത്ഥനാപ്രയാണം ഇന്ന്**

*പണ്ഡിതവരേണ്യനോ, പ്രഭാഷണ പ്രവീണനോ എന്നതല്ല, ഈവാനിയോസ് തിരുമേനിയെ അവിസ്മരണീയനാക്കിയത്. പ്രാർത്ഥനയിലും ഉപവാസത്തിലും ആത്മീയാനുഷ്ഠാനങ്ങളിലും അതീവ ജാഗ്രതയും നിഷ്ഠയുമുള്ള ഒരു ആത്മീയാചാര്യൻ എന്ന അവസ്ഥയിലായിരിക്കും. അദ്ദേഹത്തെ മേൽപ്പട്ട സ്ഥാനത്തേക്ക് ഉയർത്തിയത് തന്നെ ആ ഘടകങ്ങളാണ്. അദ്ദേഹത്തെ അവിസ്മരണീയനാക്കിയതു അവ തന്നെയാണ്.*

# മൗനത്തിന്റെ വാചാലത

**ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ**

വിശുദ്ധിയുടെ ഒരു ഹരിതകാലം നമുക്ക് സമ്മാനിച്ച വന്ദ്യപിതാവാണ് ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ.

തപോനിഷ്ഠമായ ജീവിതംകൊണ്ട് അസാമാന്യമായ ഉൾത്തെളിവ് നേടിയ മഹിതാചാര്യൻ.

ഹൃദയശുദ്ധീകരണം എന്ന ലക്ഷ്യത്തെ മുൻനിർത്തി ജീവിതത്തെ ഒരുക്കിയെടുക്കാൻ പരിശീലിപ്പിച്ച പിതാവ്.

മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ത്രിതീയൻ കാതോലിക്കാ ബാവാ

എന്റെ കർത്താവേ, നിനക്ക് തിരുമനസ്സാകുന്നുവെങ്കിൽ എന്നെ വെടിപ്പാക്കുവാൻ നിനക്കു കഴിയും എന്നപോലെയുള്ള ചെറുപ്രാർത്ഥനകളുടെ തുടർച്ചയാൽ ഹൃദയവിചാരങ്ങളെ വിമലീകരിക്കുവാൻ അദ്ദേഹം പഠിപ്പിച്ചു.

ശുദ്ധവും ശക്തവുമായ ചിന്തകൾകൊണ്ട് സഭാജീവിതത്തിന്റെ ദിശാബോധം നിർഭയം കാട്ടിത്തരുവാൻ വന്ദ്യപിതാവിന് സാധിച്ചു.

അത്യുദാത്തമായ മനുഷ്യസ്നേഹത്താൽ അദ്ദേഹം ക്രിസ്തുമാതൃകയെ പിൻപറ്റി. കാരുണ്യത്തിന്റെ മഹാനദിയായി ഹെർമോൻകുന്നിൽ നിന്നും വന്ദ്യപിതാവിന്റെ ജീവിതം ഒഴുകിയിറങ്ങി. വ്യക്തിപരമായി എനിക്ക് ഗുരുവായിരുന്ന അഭിവന്ദ്യ പിതാവിന്റെ പാവനസ്മരണകൾ എന്നും പ്രചോദനാത്മകമാണ്.

മൗനത്തിന്റെ അദ്ധ്യാത്മികതയുടെ മഹാപ്രവാചകനായി നിലകൊണ്ട വന്ദ്യപിതാവിന്റെ ആദ്ധ്യാത്മിക ജീവിതത്തിന്റെ ആഴം അനുദിനം നാം അറിഞ്ഞുകൊണ്ടിരിക്കുന്ന ഒരു യാഥാർത്ഥ്യമാണ്.

വന്ദ്യപിതാവിന്റെ പത്താം ഓർമ്മപ്പെരുന്നാൾ അനുഗ്രഹകരമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## യേശുനാമ പ്രാർത്ഥന

ആത്മീയ ജീവിതത്തിൽ തിൻമയോടുള്ള പോരാട്ടം നിരന്തരം നടക്കേണ്ട ഒന്നാണ്. ഹൃദയത്തിലേക്ക് കടന്നുവരുന്ന എല്ലാ തിൻമകളെയും നിരന്തര പ്രാർത്ഥനയാൽ നേരിട്ട് ജയിക്കുവാൻ പിതാക്കൻമാർ പരിശീലിച്ചുവന്ന പ്രാർത്ഥനാ രീതിയാണ് യേശുനാമപ്രാർത്ഥന.

'യേശുവേ ദാവീദു പുത്രാ എന്നോട് കരുണ തോന്നേണമേ'. ഇങ്ങനെയുള്ള ചെറു പ്രാർഥനകൾ അനസ്യൂതം ഹൃദയത്തിൽ ഉരുവിട്ടു കൊണ്ട് തിൻമപെട്ട ചിന്തകളെ ഹൃദയത്തിൽ നിന്ന് പുറത്താക്കുന്നു. നിരന്തര പ്രാർഥന തിൻമയുടെ ഓളങ്ങൾ അലതല്ലുന്ന ഹൃദയത്തെ ക്രമേണ ശാന്തമാക്കിത്തീർക്കുന്നു. യേശു നാമപ്രാർഥന യാത്ര ചെയ്യുമ്പോഴും ജോലി കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോഴുമൊക്കെ ഹൃദയത്തിൽ ശാന്തമായ് ചൊല്ലിക്കൊണ്ടിരിക്കാവുന്നതാണ്.



പരിശുദ്ധ പാമ്പാടി തിരുമേനി 58–ാം ഓർമ്മപ്പെരുന്നാൾ പാമ്പാടി ദയറായിൽ കഴിഞ്ഞ ദിവസങ്ങളിൽ ആചരിച്ചു.

പാമ്പാടി ദയറായിൽ കബറടങ്ങിയിരിക്കുന്ന അഭിവന്ദ്യ പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത

# മാർ ഈവാനിയോസ്: മൗനത്തിന്റെ താപസൻ

**ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ**

അഭി. ഈവാനിയോസ് തിരുമേനി ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടിട്ട് പത്ത് വർഷം പൂർത്തിയാകുകയാണ്. നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ് (മത്തായി 5:14). ക്രിസ്തുവിന്റെ മുഴുവൻ സന്ദേശവും ഉൾകൊള്ളുന്ന വചനമാണിത്. സ്വജീവൻ അപരന് സമർപ്പിക്കുക എന്നതാണ് പ്രകാശിക്കുകഎന്നതുകൊണ്ട് അർത്ഥമാക്കുന്നത്. സ്വന്തജീവനെ നമുക്ക് നൽകിയവഴി താൻ യഥാർത്ഥ പ്രകാശമാണെന്ന് ക്രിസ്തു വെളിപ്പെടുത്തി. പ്രകാശമായവന്റെ ആഗ്രഹം എല്ലാവരും പ്രകാശമാകണമെന്നുതന്നെയാണ്.

ആ യഥാർത്ഥ പ്രകാശത്തെ ഉള്ളിൽ സ്വീകരിച്ച് അനേകർക്ക് പകർന്നുകൊടുത്ത പിതാവാണ് അഭി. ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ. ദൈവസ്നേഹി എന്ന വിളിപ്പേരിന് അവകാശിയാകുമ്പോഴും ദൈവത്താൽ സ്നേഹിക്കപ്പെട്ട ഒരു പിതാവാണ് അഭിവന്ദ്യ തിരുമേനി. ജ്വലിക്കുന്ന ജീവിതമാകേണ്ടവർ വിവേകശൂന്യരെപ്പോലെ എണ്ണ വറ്റിയ വിളക്കുമായി വരനെ എതിരേൽക്കുവാൻ പരസ്പരം മത്സരിക്കുന്ന ഒരു കാലത്ത് തികച്ചും വ്യത്യസ്തനായി ജീവിച്ച് അന്ധകാരത്തെ വെല്ലുവിളിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. ആ പിതാവിന്റെ ജീവിതം നമ്മോടും ചോദിക്കുന്നത് ഇതാണ്.

നമ്മുടെ ജീവിതം കൊണ്ട് അന്ധകാരത്തെ വെല്ലുവിളിക്കുവാൻ കഴിയുമോ?

ഇരുട്ടിന്റെ ഈ ദുരന്തകാലത്ത് വെളിച്ചത്തിന്റെ ശോഭ വീണ്ടെടുക്കണമെങ്കിൽ ജീവിതത്തിൽ സ്നേഹത്തിന്റെ ആഴം തിരിച്ചറിയണം, ദൈവവചനത്തെ ജീവിത നിലപാടുകളാക്കണം, സങ്കടങ്ങളുടെ നീറുന്ന അനുഭവങ്ങളിലൂടെ കടന്നുപോകണം, പ്രാർത്ഥനയും കർമ്മവും കൊണ്ട് ജീവിതത്തെ

പടുത്തുയർത്തണം, നിശബ്ദതയിലും ധ്യാനത്തിലും കഴിഞ്ഞ് ദൈവശബ്ദം ശ്രവിക്കണം. ശരിക്കും, ഈവാനിയോസ് തിരുമേനിയുടെ ജീവിതത്തിൽ ഇവയെല്ലാം യാഥാർത്ഥ്യമായി എന്ന് സംശയമെന്യേ പറയുവാൻ സാധിക്കും. ദൈവവചനത്തെ നെഞ്ചോടു ചേർത്ത് അത് പാലിച്ച ഈ പിതാവ് ഒരു പ്രവാചകശബ്ദം പോലെ എന്നും നിലകൊണ്ടു. 'ഹൃദയശുദ്ധീകരണം കൂടാതെയുള്ള ആത്മീയ ജീവിതം വെള്ളതേച്ച ശവക്കല്ലറയ്ക്ക് തുല്യമാണ്' എന്ന് പിതാവ് എപ്പോഴും ഓർമ്മിപ്പിച്ചിരുന്നു.

പെരുന്നാളുകളിലും ആഘോഷങ്ങളിലുമുള്ള ധൂർത്തും വഷളത്തരവും തിരുമേനി ശക്തിയുക്തം എതിർത്തിരുന്നത് തന്റെ നിലപാടുകളുടെ വ്യക്തമായ പ്രകടനങ്ങളാണ്.

സങ്കടങ്ങളുടെയും വേദനകളുടെയും നീറുന്ന അനുഭവങ്ങളിലൂടെ കടന്നുപോയ ഈ പിതാവ്, ആ അനുഭവങ്ങളുടെ അവസരങ്ങളിലും ദൈവസ്നേഹത്തെ ആവോളം അനുഭവിച്ചു.

കുരിശു വഹിക്കുവാൻ തിരുമേനി എന്നും ആഗ്രഹിച്ചിരുന്നു. 'രോഗവും രോഗസൗഖ്യവും ജീവിതത്തെ വൻകാര്യങ്ങൾ പഠിപ്പിക്കും. സഹനം ഒരു ദൈവാനുഗ്രഹമാണ്. ദൈവകരുണയെ തിരിച്ചറിയാനുള്ള വലിയ അവസരമാണ്, തിരുമേനിയുടെ തന്നെ വാക്കുകളാണ്. ജീവിതം എന്നെ പ്രാർത്ഥിക്കാനാണ് പഠിപ്പിച്ചത് - എന്നതിൽ പ്രാർത്ഥനയെ എത്രമാത്രം താൻ സ്നേഹിച്ചിരുന്നു എന്ന് വ്യക്തമാകുന്നു. തന്റെ രോഗം മൂർച്ഛിച്ചിരുന്ന സമയത്തുപോലും പ്രാർത്ഥിക്കുവാൻ തിരുമേനി ഏറെ ആഗ്രഹിച്ചിരുന്നു.

ലോകം തിന്മയിൽ വളരാനാണ് എപ്പോഴും പ്രേരിപ്പിക്കുന്നത് ദൈവമക്കൾ നന്മയിൽ വളരാനാണ് പരിശ്രമിക്കേണ്ടത്. എപ്പോഴും പ്രാർത്ഥിക്കണം. പ്രാർത്ഥിച്ചില്ലെങ്കിൽ നാം സ്വന്തശക്തിയിലും വിവേകത്തിലുമായിരിക്കും ആശ്രയം വെയ്ക്കുന്നത്. ദൈവാശ്രയത്തോടെയുള്ള ജീവിതമാണ് തിരുമേനിയെ ദൈവസ്നേഹി എന്ന സ്ഥാനത്തിന് അർഹനാക്കിയത്. പ്രാർത്ഥനയോടൊപ്പം കർമ്മത്തിലും ശ്രദ്ധിച്ചിരുന്ന തിരുമേനി സാധുക്കളെ സംരക്ഷിക്കുന്നതിലും അശരണർക്ക് സഹായം നൽകുന്നതിലും ഏറെ ജാഗ്രതയുള്ള പിതാവായിരുന്നു.

മൗനത്തിന്റെ സ്നേഹിതനായിരുന്നു തിരുമേനി. ആത്മീയത കുറേക്കൂടി നിശബ്ദമാക്കാനുള്ള ക്ഷണമാണ്. ക്രിസ്തു മരുഭൂമിയിലേക്ക് പോയതും അതുകൊണ്ടാണ്. തിരുമേനി തട്ടിൻപുറം കുന്നിൽ തന്റെ ആശ്രമം പണിത് ഉയർത്തിയതിന്റെ ലക്ഷ്യം അതുതന്നെയാണ്. മിണ്ടാതിരുന്നു, ഞാൻ ദൈവമെന്ന് അറിയുവിൻ (സങ്കീ 46:10). ദൈവത്തെ നിശബ്ദതയിൽ തിരഞ്ഞ് കണ്ടെത്തുവാൻ ഈ പിതാവ് എന്നും ശ്രമിച്ചിരുന്നു. അഗാധമായ നിശബ്ദതയിൽ മൂന്ന് കാര്യങ്ങൾ സംഭവിക്കുന്നുണ്ട്. ആദ്യത്തേത് സ്വയംകണ്ടെത്തലാണ്. മൗനം ഒരു കണ്ണാടിയാണ്. സ്വയം കണ്ടെത്താനും തിരുത്താനുമുള്ള ദർപ്പണം.

രണ്ടാമത്തേത്, ഒരാൾക്കും അപരനുമിടയിലുള്ള ബന്ധത്തെ ദൃഢമാക്കുന്ന പാലമാണ് മൗനം.

അവസാനത്തേത്, ദൈവശബ്ദം കേൾക്കുവാൻ നിശബ്ദരായിരിക്കണം എന്നതാണ്. ഈ മൂന്ന് കാര്യങ്ങളും തിരുമേനി തന്റെ മൗനത്തിലൂടെ സായത്തമാക്കി. മൗനമായിരുന്ന് ധ്യാനിക്കുവാൻ തിരുമേനി ആശ്രയിച്ചിരുന്നത് യേശുനാമ പ്രാർത്ഥനകളിലായിരുന്നു.

ദൈവതേജസ്സിന്റെ അനുഭവത്തെ ജീവിതത്തിൽ അറിഞ്ഞതിന്റെ പ്രതിഫലനമാണ് തിരുമേനിയുടെ ആരാധനകളിൽ പ്രകടമായിരുന്നത്.

വിനയത്തോടും, സൗമ്യതയോടും ശാന്തതയോടുമുള്ള ആരാധന തിരുമേനി ഏറെ സ്നേഹിച്ചിരുന്നു.

ധൃതി കാട്ടാതെ സൗമ്യമായി ആരാധിക്കുന്ന ഓരോ അവസരങ്ങളിലും ദൈവാനുഗ്രഹം തിരിച്ചറിയുവാൻ തിരുമേനിക്ക് സാധിച്ചിരുന്നു.

അതുതന്നെയാണ് അദ്ദേഹത്തിന്റെ ഹൃദയശുദീകരണത്തിനുള്ള കാരണവും. ആ പിതാവിന്റെ പ്രാർത്ഥന നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ.


## B.M.M SENIOR SECONDARY SCHOOL

POTHENPURAM P.O, PAMPADY, KOTTAYAM

BMM Senior Secondary School is owned and managed by Malankara Orthodox Church, founded in the year 1983 by Very. Rev. P.C. Yohannan Ramban and blessed by the intercession of Pampady Thirumeni, in the revered name of H.H. Baselius Marthoma Mathews- I, the then Supreme head of Orthodox Church, is set in the sylvan surroundings on the hillock of Pothenpuram. Now it has grown as one of the leading educational institutions of Kerala, which provides quality education to students by experienced and dedicated tutors. All these years it has been carving out worthy citizens for both the country and society and will do so in the coming years too.

- Securing 100% result since the first batch 1994.
- Presenting students for Plus two since 1998.
- Experienced and well-qualified teachers.
- Well-equipped Science & Computer labs, Maths lab, language lab etc
- Audio visual / Seminar hall, Indoor stadium.
- Indoor & outdoor courts for games & sports.
- Special coaching for Karate, Skating, Yoga, football, Cricket, Chess, Band, Dance, Music, Drawing & Painting, Creative Writing, Public speaking etc.
- Separate hostels for boys & girls.
- Resident teachers to guide the students.
- Entrance coaching.
- Eco spiritual programmes.
- Charity awareness programmes.



**അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ ഇവാനിയോസ് തിരുമേനി ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ**

എം.ജി.എം. അഭയഭവൻ & ബാലഭവൻ പൊത്തൻപുറം, പാമ്പാടി,

കെ.ജി. കോളജ് കുടുംബാംഗങ്ങൾ, പാമ്പാടി

ഷാജി ജേക്കബും കുടുംബവും പടിപ്പുരയ്ക്കൽ കാരാപ്പുഴ, ജോമോനും കുടുംബവും പാങ്ങാട്ട്, വിനോദ് ചെറിയാനും കുടുംബവും വാഴയിൽ, മാർ ഗീവർഗ്ഗീസ് മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച് കാരാപ്പുഴ


## പെരുന്നാൾ പ്രോഗ്രാം

**ഏപ്രിൽ 11 ചൊവ്വ**

5 പി.എം. - ഞാലിയാകുഴി മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽനിന്നും നമസ്കാരത്തെ തുടർന്ന് ബസേലിയോസ് ദയറായിലേക്ക് യേശുനാമ പ്രാർത്ഥനാ പ്രയാണം, തുടർന്ന് അനുസ്മരണപ്രസംഗം- യൂഹാനോൻ മാർ പോളികാർപ്പസ് മെത്രാപ്പോലീത്ത, കബറിങ്കൽ ധൂപപ്രാർത്ഥന, സ്നേഹവിരുന്ന്.

**ഏപ്രിൽ 12 ചൊവ്വ**

7.00 എ.എം. പ്രഭാതനമസ്കാരം, 8.00 എ.എം. പരിശുദ്ധ കാതോലിക്കാ ബാവായുടെ മുഖ്യകാർമ്മികത്വത്തിൽ മൂന്നിന്മേൽ കുർബ്ബാന, കബറിങ്കൽ ധൂപപ്രാർത്ഥന, പ്രദക്ഷിണം, ശ്ലൈഹികവാഴ്വ്, നേർച്ചവിളമ്പ്, പ്രഭാതഭക്ഷണം.

# അവിസ്മരണീയനായ ദൈവ മനുഷ്യൻ

**ഫാ. ഡോ. റ്റി.ജെ. ജോഷ്വ**

ആധുനിക സഭാ മക്കളുടെ മധുര സ്മരണയിൽ സജീവമായി നിലകൊള്ളുന്ന പിതാവാണ് ദിവംഗതനായ ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പൊലീത്ത. അദ്ദേഹവുമായി സുദീർഘമായ ആത്മബന്ധം പുലർത്താനുള്ള ഭാഗ്യം എനിക്കുണ്ടായി. വൈദികനായി ബാവാ തിരുമേനിയെ കാണാൻ വന്ന കാലം മുതൽ ആ ബന്ധം ആരംഭിക്കുന്നു. ഇംഗ്ലണ്ടിലെ പഠനം കഴിഞ്ഞ് വന്ന ഉടൻ തന്നെ അദ്ദേഹത്തെ ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ അദ്ധ്യാപകനായി നിയോഗിച്ചു. അങ്ങനെ ഞങ്ങൾ അവിടെ സഹ പ്രവർത്തകരായി. അദ്ദേഹത്തിന്റെ മാതൃസഹോദരൻ ഫാദർ കെ.എ. ജോർജ് (തിരുവനന്തപുരം) എന്റെ ഒരു സുഹൃത്തായിരുന്നു.

ഓക്സ്ഫോർഡിൽ വൈദിക പഠനം നടത്താൻ പ്രവേശനം ഉണ്ടായപ്പോൾ, സഭയിലെ ഒരു ശെമ്മാശനാക്കി അയയ്ക്കുവാൻ തീരുമാനിച്ചതും ഞാൻ ഓർക്കുന്നു. ശെമ്മാശനാക്കിയ പട്ടം കൊടയിൽ ഞാൻ സംബന്ധിച്ചിരുന്നു. (ശെമ്മാശൻ, കശീശ, മെത്രാപ്പോലീത്ത, ഈ സ്ഥാനലബ്ധികളിലെല്ലാം ഞാൻ സന്നിഹിതനായിരുന്നു എന്ന് അഭിമാനപൂർവ്വം സ്മരിക്കുന്നു.) സുദീർഘമായ നാല് പതിറ്റാണ്ടുകാലം അദ്ദേഹം സെമിനാരി അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. അന്ന് അവിടെ പഠിച്ച വൈദികർ ആരും അദ്ദേഹത്തെ വിസ്മരിക്കയില്ല. അവരുടെ വാർഡൻ എന്ന നിലയിലുള്ള നിഷ്ഠയും നിഷ്കർഷയുമെല്ലാം സജീവ സ്മരണയിൽ ഉണ്ടാകും. അദ്ദേഹം തന്നെ എല്ലാ കാര്യങ്ങളും നിഷ്ഠാപൂർവം അനുവർത്തിച്ചിരുന്നു. അത് വിദ്യാർത്ഥികൾക്ക് മാതൃകയും പ്രചോദനവുമായിട്ടുണ്ട്.

സെമിനാരി ചാപ്പലിൽ വൈദികർ മുമ്പിൽ അകത്താണ് സ്ഥാനമുറപ്പിക്കുന്നത്. എന്നാൽ ഇദ്ദേഹം ചാപ്പലിന്റെ ഏറ്റവും പിന്നിലായിരുന്നു. വാർഡൻ എന്ന നിലയിൽ മുമ്പിൽ നിൽക്കുന്ന വിദ്യാർത്ഥികളെ നിരീക്ഷിക്കുന്നതിനും അവർ എപ്രകാരം ആരാധനയിൽ പങ്കെടുക്കുന്നു എന്ന് വിലയിരുത്തുന്നതിനും അതുപകരിച്ചു. പിമ്പിൽ നിന്നുള്ള നോട്ടം അവരുടെ മേൽ ഉണ്ടെന്നുള്ള ബോധ്യം, കൂടുതൽ ജാഗ്രതയും സൂക്ഷ്മതയും പുലർത്തുവാൻ അവരെ പ്രേരിപ്പിച്ചു.

നമസ്ക്കാരം ആരംഭിക്കുന്നതിന് വളരെ മുമ്പേ അദ്ദേഹം ചാപ്പലിൽ എത്തി ജാഗരൂകനായി വർത്തിച്ചു. സെമിനാരി ജീവിതത്തിൽ അദ്ദേഹം ഏറ്റം പ്രാധാന്യം കൊടുത്തത് ചാപ്പലിനും അവിടുത്തെ അനുഷ്ഠാനങ്ങൾക്കുമാണ്. അതാണ് അദ്ദേഹത്തെ അതുല്യനായ ഒരു ദൈവ മനുഷ്യനാക്കിത്തീർത്തത്. ആരാധനയിലുള്ള നിഷ്ഠയും ശുഷ്കാന്തിയും വളരുന്ന തലമുറയെ ഏറെ സ്വാധീനിക്കാൻ പര്യാപ്തമായിരുന്നു. ഏഴ് പതിറ്റാണ്ടുകൾക്ക് മുമ്പാണ് ഞാൻ കൽക്കട്ടാ ബിഷപ്സ് കോളേജിൽ തിയോളജി പഠിച്ചത്. അന്ന് അവിടുത്തെ പ്രിൻസിപ്പൽ ഫാദർ പീറ്റർ മെയ് എങ്ങനെ ചാപ്പൽ ഉപയോഗിച്ചു എന്നുള്ളത് ഇന്നും എന്റെ ഓർമ്മയിൽ നിൽക്കുന്നു. അദ്ദേഹം അവിടെ ആരാധനയ്ക്ക് മുമ്പും പിമ്പും ധ്യാന നിമഗ്നനായി ചെലവിടുന്ന രീതി അവിടുത്തെ എല്ലാ വിദ്യാർത്ഥികളെയും സ്വാധീനിച്ചിട്ടുള്ളതാണ്.

പണ്ഡിതവരേണ്യനോ, പ്രഭാഷണ പ്രവീണനോ എന്നതല്ല, കഥാപുരുഷനെ അവിസ്മരണീയനാക്കിയത്. പ്രാർത്ഥനയിലും ഉപവാസത്തിലും ആത്മീയാനുഷ്ഠാനങ്ങളിലും അതീവ ജാഗ്രതയും നിഷ്ഠയുമുള്ള ഒരു ആത്മീയാചാര്യൻ എന്ന അവസ്ഥയിലായിരിക്കും. അദ്ദേഹത്തെ മേൽപ്പട്ട സ്ഥാനത്തേക്ക് ഉയർത്തിയത് തന്നെ ആ ഘടകങ്ങളാണ്. അദ്ദേഹത്തെ അവിസ്മരണീയനാക്കിയതു അവ തന്നെയാണ്. ഇന്ന് സമൂഹം ഏറെ ആവശ്യപ്പെടുന്നതും അത്തരക്കാരെയാണ്.

വൈദികഗണത്തെ, മൂല്യങ്ങളിൽ നിന്ന് വ്യതിചലിക്കാനും ലൗകിക താല്പര്യങ്ങളിൽ വ്യാപൃതരായിരിക്കുവാനും ഏറെ പ്രോത്സാഹിപ്പിക്കുന്ന ഘടകമാണ് ധനാസക്തി. പലരിലും അത് ഒരു ബലഹീനതയായി മാറാം. എന്നാൽ വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഉത്തമം എന്ന തത്വം ആക്ഷരീകമായി പാലിച്ച ഒരു പിതാവായിരുന്നു കഥാപുരുഷൻ. ചിലപ്പോൾ തന്റെ സഹായികളിൽ നിന്ന് വായ്പ എടുത്ത് മറ്റുള്ളവർക്ക് സഹായം ചെയ്യുന്ന അവസരങ്ങളുണ്ടായിട്ടുണ്ട്. കൊടുക്കുന്നതിന്റെ സന്തോഷം ഏറെ അനുഭവിച്ച ദേഹമാണ് നമ്മുടെ പിതാവ്.

ഒരു സംഭവം ഓർമ്മിക്കുന്നു. ഞാൻ വികാരിയായിരുന്ന പള്ളം സെന്റ് പോൾസ് പള്ളിയിൽ സന്ദർശനത്തിനായി വന്നപ്പോൾ ആദ്യ സന്ദർശനമെന്ന നിലയിലും പള്ളിയുടെ അഭിമാനം സംരക്ഷിക്കുന്നതിനുമായി ഗണ്യമായ ഒരു തുക പോകാൻ നേരം കൈമുത്തായി നൽകി. അപ്പോൾ ഒരു ആവശ്യക്കാരൻ സഹായത്തിനപേക്ഷിച്ച് മുമ്പിലുണ്ടായിരുന്നു. ഞങ്ങൾ കൊടുത്ത ആ കവർ തുറന്നു നോക്കാതെ അതേപടി ആ മനുഷ്യന് കൊടുത്തു. അയാൾക്ക് ഞങ്ങൾ വേറെ കൊടുത്തുകൊള്ളാം എന്ന് പറഞ്ഞിട്ടും, അത് നൽകുക ആയിരുന്നു. ഇങ്ങനെ എത്ര സംഭവങ്ങൾ വേണമെങ്കിലും ഉദ്ധരിക്കാം. വൈദികർക്കെല്ലാം അത് മാതൃകയും പ്രചോദനവുമായി നിലകൊണ്ടു.

ഭദ്രാസനത്തിലെ വൈദികർ രോഗത്തിലാകുമ്പോൾ പ്രത്യേക പരിഗണന അദ്ദേഹം നൽകിയിരുന്നു. ഉദാരമായി സാമ്പത്തിക സഹായം ചെയ്യുവാൻ ശ്രദ്ധിച്ചിരുന്നു.

അദ്ദേഹത്തിന്റെ രോഗത്തെക്കുറിച്ച് ഓർക്കുന്നു. അസുഖം ബാധിച്ച് കോട്ടയം കാരിത്താസ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. അവിടുത്തെ ചികിത്സ അപര്യാപ്തമെന്ന് തോന്നുകയാൽ വെല്ലൂർക്ക് പോകുവാൻ നിശ്ചയിച്ചു. രോഗം ചില്ലറക്കാരനല്ല, കാൻസറായിരുന്നു! ഒടുവിൽ വെല്ലൂരിൽ പോകുവാൻ നിശ്ചയിച്ചു. കൂടെ പോകുവാൻ ഞാൻ സന്നദ്ധനായി. ഞാൻ തന്നെ കാൻസർ രോഗിയായിരുന്നു. (രണ്ട് പ്രാവശ്യം) മാത്രമല്ല, വെല്ലൂരെ ചികിത്സയ്ക്ക് പോയിട്ടുള്ളതുമാണ്. അവിടെയെത്തി നമ്മുടെ അവിടുത്തെ വൈദികനെയും, നമ്മുടെ സഭയിലെ പ്രഗത്ഭരായ ഡോക്ടർമാരെയും കണ്ട് അവിടെ ചികിത്സ നടത്തുകയായിരുന്നു. അത്ഭുതമെന്ന് പറയട്ടെ അദ്ദേഹം പൂർണ്ണ വിമുക്തനായി സഭയെ ശുശ്രൂഷിക്കുവാൻ സജ്ജനായിത്തീർന്നു.

എടുത്തുപറയേണ്ട ഒന്നാണ് മെത്രാപ്പൊലീത്തായും വൈദികനും തമ്മിലുള്ള ബന്ധം. സഭാതലത്തിലുള്ള ഔദ്യോഗിക ബന്ധം പ്രത്യേകം വിശേഷിപ്പിക്കേണ്ടതില്ല. എന്നാൽ ഇദ്ദേഹം എല്ലാ വൈദികരുമായി വ്യക്തിപരമായി വളരെ ഉറ്റബന്ധം പുലർത്തിയിരുന്നു. അവർ രോഗികളോ, മറ്റെന്തെങ്കിലും പ്രതിസന്ധിയിലോ ആയാൽ അവരെ സന്ദർശിക്കുകയും സഹായവും ഉപദേശവും നൽകുകയും ചെയ്ത് ഒരു പിതാവിനടുത്ത കർത്തവ്യം നിറവേറ്റിയിരുന്നു. അങ്ങനെ എല്ലാ വൈദികരും ഔദ്യോഗികമായ ബന്ധത്തേക്കാൾ ഉപരി ആത്മാർത്ഥവും ഉറ്റതുമായ വ്യക്തിബന്ധം പുലർത്തുവാൻ ശ്രദ്ധിച്ചു.

കോട്ടയം ഭദ്രാസനത്തിന്റെ ആസ്ഥാനം പാമ്പാടി ദയറാ എന്നുള്ളത് മാറ്റി കോട്ടയം നഗരത്തിൽ ഏറ്റവും സൗകര്യപ്രദമായ സ്ഥലത്ത് അനുയോജ്യമായ ആസ്ഥാനം സാധ്യമാക്കി. അവിടെ വൈദിക സമ്മേളനം ക്രമമായി കൂടുന്നതിനും ക്ലാസ്സുകളും ചർച്ചകളും നടത്തുന്നതിനും എല്ലാം സാധ്യമാകത്തക്ക സജ്ജീകരണങ്ങൾ ഉണ്ടാക്കി. വൈദികരുമായുള്ള ആത്മബന്ധം ദൃഢപ്പെടുത്താൻ ഈ ക്രമമായ വൈദിക സമ്മേളനങ്ങൾ സഹായകമായി. സമ്മേളനത്തെ തുടർന്ന് കാപ്പി സൽക്കാരം കൃത്യമായിരുന്നു. അത്തരം സമ്മേളനങ്ങളിൽ വൈദികർക്ക് പ്രസക്തമായ ക്ലാസ്സുകൾ എടുക്കാൻ എനിക്കേറെ അവസരമുണ്ടായി. വ്യക്തിപരമായി എന്നെ വളരെ സ്നേഹിക്കയും കരുതുകയും ചെയ്തിരുന്നു. എന്റെ പങ്കാളിയുടെ നിര്യാണത്തിൽ ഏറെ സമയം എന്റെ ഭവനത്തിൽ ചെലവിട്ട് എന്നെ സാന്ത്വനപ്പെടുത്തിയത് കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. എന്റെ മക്കൾ രണ്ടുപേരേയും അദ്ദേഹം സ്നേഹ വാത്സല്യത്തോടെ കരുതി. എന്റെ പങ്കാളിയുടെ മരണശേഷം, മൂന്ന് ചരമ വാർഷികങ്ങളിൽ അദ്ദേഹം പള്ളം സെന്റ് പോൾസ് പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും കബറിങ്കൽ വന്ന് ധൂപാർപ്പണം നടത്തിയതും ആദരപൂർവ്വം സ്മരിക്കുന്നു. സഹോദരതുല്യം എന്നെ സ്നേഹിച്ച ഒരു ആത്മീയ പിതാവിനെയാണ് നഷ്ടപ്പെട്ടത്. ഞാൻ പലപ്പോഴും രോഗബാധിതനായി ഭവനത്തിൽ കഴിയുമ്പോൾ കൃത്യമായി അദ്ദേഹം സന്ദർശിച്ച് ആശ്വാസ വാക്കുകൾ പറയുകയും പ്രാർത്ഥനകൾ നടത്തുകയും ചെയ്തിരുന്നു. എനിക്ക് മാത്രമല്ല, ഭദ്രാസനത്തിലെ വൈദികർക്കെല്ലാം നൽകാൻ കഴിയുന്ന സാക്ഷ്യമാണ്.

ഞാലിയാകുഴി കുന്ന് ഇന്ന് ഒരു ആത്മീയ കേന്ദ്രമായിത്തീർന്നിട്ടുണ്ട്. അവിടെ അദ്ദേഹം സ്ഥാപിച്ച ദയറായിൽനിന്ന് മൂന്ന് വ്യക്തികൾ എപ്പിസ്കോപ്പാസ്ഥാനത്തേക്ക് എത്തുവാൻ തക്ക ആത്മീയ നിലവാരം ആ സ്ഥാപനം പുലർത്തുന്നു എന്നുള്ളതിൽ സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നു.

എന്തിനും ഏതിനും പാമ്പാടി ദയറായിൽ എത്തി ഭദ്രാസനാധിപനെ കാണുന്ന പതിവിന് മാറ്റമുണ്ടായി. കോട്ടയം നഗരത്തിന്റെ മദ്ധ്യത്തിൽത്തന്നെ ആസ്ഥാനവും മനോഹരമായ ഒരു ചാപ്പലും ഉണ്ടായത് ഭദ്രാസനത്തിന്റെ അഭിമാനാർഹമായ നേട്ടമാണ്. അത് വന്ദ്യ തിരുമേനിയുടെ താല്പര്യത്താലും ഉത്സാഹത്താലുമാണ്. ആ ചാപ്പലിന്റെ തുടക്കം മുതൽ അവിടെ വി. കുർബ്ബാന അർപ്പിക്കുവാനുള്ള അവസരം എനിക്കുണ്ടായത് ഭാഗ്യമായി ഞാൻ കരുതുന്നു. എനിക്ക് ലഭിച്ച ഒരു കാപ്പക്കൂട്ടം ഞാൻ ആ ചാപ്പലിന് സമർപ്പിച്ചത് സന്തോഷത്തോടെ ഓർക്കുന്നു. ഇപ്പോൾ എനിക്ക് വി. കുർബ്ബാന അർപ്പിക്കുന്നതിന് പ്രയാസമുണ്ട്. അവസാനമായി അർപ്പിച്ചത് അവിടെയാണ്.

ഭദ്രാസനാസ്ഥാനവും ഞാലിയാകുഴി ദയറാ സമുച്ചയവും, പാമ്പാടിയിലെ വയോജന മന്ദിരവും എല്ലാം അദ്ദേഹത്തിന്റെ പാവന സ്മരണയെ ഉച്ചത്തിൽ ഉൽഘോഷിക്കുന്ന സ്ഥാപനങ്ങളായി നിലകൊള്ളുന്നു. ആ വ്യക്തിത്വത്തെ വ്യതിരിക്തമാക്കുന്ന അനവധി ഘടകങ്ങൾ ഉണ്ട്. എല്ലാ രംഗത്തുമുള്ള ലാളിത്യം. സാധുക്കളെപ്പറ്റിയുള്ള കരുതലും ഔദാര്യവും, എല്ലാറ്റിലും ഒന്നാം സ്ഥാനം ദൈവത്തിന് നൽകി, വിശ്വാസത്തിന്റേയും ആശ്രയത്തിന്റെയും ഉത്തമ മാതൃക, ഭരണമല്ല, ശുശ്രൂഷയെന്ന വീക്ഷണം പുലർത്തിയ ആത്മീയ നേതാവ്, ഔദാര്യത്തിന്റെ മഹത്വം ഉയർത്തിപ്പിടിച്ച മനുഷ്യ സ്നേഹി, ജീവജാലങ്ങളോട് പ്രത്യേക മമതയും കരുതലും പുലർത്തിയത പ്രകൃതി സ്നേഹി, സ്വന്തം പാർപ്പിടം സജ്ജമാക്കുന്നതിന് മുമ്പ് ദൈവമന്ദിരം നിർമ്മിച്ച് ആരാധന സുഗമമാക്കിയ ആത്മീയ ജ്യോതിസ്, ഇതെല്ലാമായിരുന്നു നമ്മുടെ ആത്മീയ പിതാവ്. അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്ക് മുമ്പിൽ എന്റെ വിനീതമായ ആദരാഞ്ജലികൾ! അദ്ദേഹത്തിന്റെ പ്രാർത്ഥന അപേക്ഷിച്ചുകൊള്ളുന്നു.

# ദൈവസ്നേഹിയായ ഈവാനിയോസ് തിരുമേനിയും കാരാപ്പുഴ പള്ളിയും

**ഷാജി ജേക്കബ് കാരാപ്പുഴ**

പരിശുദ്ധ പാമ്പാടി തിരുമേനിയാൽ 1934ൽ സ്ഥാപിതമായ കാരാപ്പുഴ പള്ളിയുടെ ചരിത്രം ഏറെ ശ്രദ്ധേയമാണ്. മലങ്കര സഭയുടെ മഹാരഥന്മാരായ പിതാക്കന്മാർ ഇടവക ശുശ്രൂഷ അനുഷ്ഠിച്ച ഇടവക എന്ന നിലയിൽ ഈ ദേവാലയം ചരിത്രത്തിൽ ഇടം പിടിച്ചിട്ടുള്ളതാണ്. വൈദിക സെമിനാരി അധ്യാപകനായി ഫാ. കെ ജി ജോർജ് (പിന്നിട് ഗീവർഗീസ് മാർ ഈവാനിയോസ്) പഴയ സെമിനാരിയിൽ താമസിക്കുമ്പോൾ ഒരു വ്യാഴവട്ടക്കാലം കാരാപ്പുഴ ഇടവകയുടെ വികാരിയായിരുന്നു. പിന്നീട് മേൽപ്പട്ട സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടപ്പോഴും കോട്ടയം ഇടവകയുടെ മെത്രാപ്പോലീത്തായായപ്പോഴും കാരാപ്പുഴ ദേവാലയവുമായുള്ള ബന്ധം ദൃഢമായി തുടർന്നു. മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും കയ്യിൽ ലഭിക്കുന്നതു മുഴുവനും മറ്റുള്ളവർക്ക് പങ്കുവെക്കുവാനും അദ്ദേഹത്തിന് സാധിച്ചു. ഒന്നിനോടും മമതയില്ലാത്ത യഥാർത്ഥ സന്യാസത്തിന്റെ മാതൃകയും ഈ പിതാവിൽ നിഴലിച്ചിരുന്നു.

ആത്മീയ ജീവിതവളർച്ചക്കു തടസ്സം സൃഷ്ടിക്കുന്ന ആർഭാടധൂർത്തുകൾക്കെതിരെ ശക്തമായി പ്രതികരിക്കുകയും മാതൃകാപരമായ ബദൽ മാതൃക കാണിച്ചു കൊടുക്കുകയും ചെയ്തു. ജീവിതം എന്തു പഠിപ്പിച്ചു? എന്ന ചോദ്യത്തിന് പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചു എന്നു മാത്രമായിരുന്നു അദ്ദേഹത്തിന് മറുപടി. തന്നെ ഏൽപ്പിച്ച ദൈവജനത്തെ കുരിശു വരയ്ക്കാനും, കുരിശു വഹിക്കുവാനും, കുരിശു ധരിക്കുവാനും, പഠിപ്പിച്ച് ദൈവസ്നേഹിയായ ഗീവർഗീസ് മാർ ഈവാനിയോസ് ദൈവസന്നിധിയിലേക്ക് വാങ്ങി പോയിട്ട് പത്ത് വർഷങ്ങൾ പിന്നിടുന്നു.ആ പുണ്യ പിതാവിന്റെ മധ്യസ്ഥത നമുക്ക് കാവലാകട്ടെ.


M.G.E.M. H.S.S.
NJALIYAKUZHY, VAKATHANAM, KOTTAYAM
PRINCIPAL:94467 09534 OFFICE: 82813 59580
Email : mgemhsschool@gmail.com
Web: www.mgemschool.org

MGM Public School
CBSE AFFILIATION NO:930881
NJALIYAKUZHY, VAKATHANAM, KOTTAYAM
PRINCIPAL: 9447241207 OFFICE: 8281291580
Email : mgmpublicschool.njaliakuzhy@yahoo.com
Web: www.mgmpublicschool.edu.in


# ഗീവർഗീസ് മാർ ഈവാനിയോസ് : ഗുരുസങ്കൽപ്പത്തിന്റെ ഉദാത്തമാതൃക

**ഫാ. മാത്യു കെ. ജോൺ (മാനേജർ, പാമ്പാടി ദയറ)**

ഗുരുസങ്കൽപ്പത്തിന്റെ ഉദാത്തമാതൃകയായിരുന്നു ഭാഗ്യസ്മരണീയനായ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി. ശ്രേഷ്ഠഗുരുവായ യേശുക്രിസ്തുവിന്റെ ഗുരുഭാവമാണ് ക്രിസ്ത്യാനുകാരിയായ ഈവാനിയോസ് തിരുമേനിയിലും വിളങ്ങിയത്. 'നല്ല ഗുരു" എന്നാണ് ശിഷ്യന്മാർ ക്രിസ്തുവിനെ വിശേഷിപ്പിച്ചത്.

"ഗു ശബ്ദമന്ധകാരം താൻ
രു ശബ്ദം തന്നിരോധകം"

അന്ധകാരത്തെ നിരോധിക്കുന്നതെന്തോ, അതാണ് ഗുരു.

"അജ്ഞാനതിമിരാന്ധസ്യാ
ജ്ഞാനാഞ്ജനാ ശലാകയ്
ചക്ഷുരുന്മീലിതം യേന
തസ്മൈ ശ്രീ ഗുരുവേ നമഃ"

അജ്ഞാനമാകുന്ന തിമിരം കൊണ്ട് അന്ധത ബാധിച്ച കണ്ണുകളെ ജ്ഞാനമാകുന്ന അഞ്ജനശലാക (മഷിക്കോൽ) കൊണ്ട് തുറക്കുന്ന ഗുരുവിനെ ഞാൻ നമസ്കരിക്കുന്നു എന്ന് ശങ്കരാചാര്യർ പ്രാർത്ഥിക്കുന്നു. ഈ വരികളിലെല്ലാം അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് (തമസോമാ ജ്യോതിർ ഗമയ) നയിക്കുന്നവനാണ് ഗുരു എന്നു വ്യക്തമാക്കുന്നു. തപോധനരായ ഗുരുക്കന്മാരുടെ പരമ്പരയിലെ ഒരു കണ്ണിയാണ് അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി. പരിശുദ്ധ പരുമല മാർ ഗ്രിഗോറിയോസ് തിരുമേനി, വട്ടശ്ശേരിൽ ദിവന്നാസ്യോസ് തിരുമേനി, പാമ്പാടി മാർ ഗ്രിഗോറിയോസ് തിരുമേനി എന്നിവരുടെ ഗുരുപാരമ്പര്യമാണ് ഭാഗ്യസ്മരണീയനായ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയും പിന്തുടർന്നത്. മരുഭൂമിയുടെ പിതാക്കന്മാരുടെ പ്രാർത്ഥനാശൈലിയാണ് ഈ പിതാക്കന്മാരും പിന്തുടർന്നത്. അവർക്ക് പ്രാർത്ഥനായാമങ്ങളിൽ മാത്രമായിരുന്നില്ല, ശ്വാസോച്ഛ്വാസം പോലെയായിരുന്നു. അഭിവന്ദ്യ ഈവാനിയോസ് തിരുമേനി ഒരു പ്രാർത്ഥനാമനുഷ്യനായിരുന്നു. പഠിപ്പിക്കുന്നതെല്ലാം സ്വജീവിതത്തിൽ ആചരിച്ചും കാണിക്കുന്നവരെയാണ് നാം ആചാര്യന്മാർ എന്നു വിളിക്കുന്നത്. ഗുരു ഭാവത്തോടൊപ്പം ആചാര്യഭാവവും വിളങ്ങിയ വിശുദ്ധ ജീവിതത്തിനുടമയായിരുന്നു സ്മര്യപുരുഷൻ.

"പ്രാർത്ഥിക്കണം, നോമ്പ് എടുക്കണം, ഉപവസിക്കണം, കുമ്പിടണം" താൻ നിരന്തരം ചെയ്തുപോരുന്ന കാര്യങ്ങൾ ശിഷ്യന്മാർക്ക് ലളിതമായി തിരുമേനി പകർന്നു തന്നിരുന്നു. ലളിതമായ ജീവിതം നയിച്ച ആ പിതാവിന്റെ ഉപദേശങ്ങളും ലളിതമായ ഭാഷയിലായിരുന്നു. ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ ആസ്ബറ്റോസ് ഷീറ്റിട്ട പഴയ കെട്ടിടത്തിൽ രണ്ടു ദശാബ്ദത്തോളം താമസിച്ച് ആത്മീയ ജീവിതത്തിന്റെ മാതൃക കാട്ടിത്തന്ന ഗുരുവാണ് ഈ പിതാവ്.

"കുരിശ് വരയ്ക്കണം
കുരിശ്ശ് ധരിക്കണം
കുരിശ്ശ് വഹിക്കണം"

കുഞ്ഞുണ്ണിക്കവിതകൾ പോലെ ലളിതമായ ഭാഷയിൽ തന്റെ ജീവിതദർശനം അദ്ദേഹം വെളിപ്പെടുത്തി. ക്രിസ്തുവിലേക്ക് അടുത്തുവരുന്നവർ ക്രിസ്തുവിന്റെ പ്രതിപുരുഷപീഢനം (Vicarious Suffering) ഏറ്റുവാങ്ങുവാൻ തയ്യാറാകണമെന്ന ദൈവശാസ്ത്രമാണ് കൊച്ചുകുട്ടികൾക്കു പോലും മനസ്സിലാകുന്ന ഭാഷയിൽ തിരുമേനി പറഞ്ഞു തന്നത്. ജീവിതത്തിൽ എന്തെല്ലാം പ്രതിസന്ധികൾ നേരിട്ടാലും തിരുമേനിയുടെ അടുത്തു ചെല്ലുമ്പോൾ അതെല്ലാം പരിഹരിക്കപ്പെടുന്ന അനുഭവസാക്ഷ്യമാണ് അനേകർക്ക് എന്നപോലെ വ്യക്തിപരമായി എനിക്കും സാക്ഷിയാക്കുവാനുള്ളത്. ജീവിതകാലത്തെന്നതുപോലെ കാലം ചെയ്ത ശേഷവും ആ കബറിടത്തിൽനിന്ന് വിശുദ്ധജീവിതം നയിച്ച പിതാവിന്റെ അനുഗ്രഹം നമ്മെ ആശ്വസിപ്പിക്കുന്നതാണ്. തട്ടിൻപുറംകുന്നിനെ പ്രകൃതിരമണീയമായ, പ്രാർത്ഥനാമന്ത്രങ്ങളാൽ മുഖരിതമായ ആശ്രമമാക്കിമാറ്റിയത് ഈ പിതാവിന്റെ ദർശനമാണ്. അനേകം വൈദികർക്കും സന്യസ്തർക്കും മേല്പട്ടക്കാർക്കുമൊക്കെ ഉദാത്തമായ ഗുരുമാതൃക പകർന്നുനൽകിയ ദൈവസ്നേഹിയും മനുഷ്യസ്നേഹിയും പ്രകൃതിസ്നേഹിയുമായ ഈ ഉത്തമഗുരുവിന്റെ ഓർമ്മ നമുക്ക് അനുഗ്രഹം ചൊരിയട്ടെ.


സീ ഹാർവെസ്റ്റ്
സീ ഫുഡ്സ്
പാമ്പാടി
പച്ചമീൻ
ചിക്കൻ & മീറ്റ്
9142233444
എവറസ്റ്റ് ഫിഷ് & മീറ്റ് ഹബ്

MY LORD AND MY GOD
MAR BASELIOS CHRISTIAN COLLEGE OF ENGINEERING AND TECHNOLOGY PEERMADE
മാർ ബസേലിയോസ് ക്രിസ്ത്യൻ
കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി
കുട്ടിക്കാനം, പീരുമേട്
An Institute of Malankara Orthodox Syrian Church
Institution Code MBC
NAAC Accredited with B++ Grade [2021-2026]
NBA
Admission Open
B.Tech Courses Offered
Civil Engg.
Computer science & Engg
Mechanical Engg
Electrical & Electronics Engg.
Electronics & Communication Engg.
2001 ൽ ആരംഭം
18 ബാച്ച്ചുകളുടെ വിജയകരമായ പൂർത്തീകരണം

ഗീവർഗീസ് മാർ ഈവാനിയോസ്
മെത്രാപ്പോലീത്തായുടെ
10–ാമത് ഓർമ്മപ്പെരുന്നാളിന്
ജോസ്കോ ജുവലേഴ്സിന്റെ
ആശംസകൾ

100% 916 BIS JEWELLERY
JOSCO GROUP
JOSCO JEWELLERS
KOTTAYAM: Rajiv Gandhi Complex, Tel: 0481-2303555, 2302666 | Market Jn, KK Road, Tel: 0481-2564825
THIRUVALLA: Elite Plaza, Near KSRTC, Tel: 0469-2604060, 2604070
PATHANAMTHITTA: KP Road, Tel: 0468-2270555
Shop Online: www.joscogroup.com | office@joscogroup.com | JoscoGroup | Toll Free: 1800- 3000 42 32
• Thiruvananthapuram: East Fort | Pazhavangadi | Pattom • Nedumangadu • Kollam • Thodupuzha • Kochi: M.G. Road | Lulu Mall
• Thrissur: Palace Road | High Road • Palakkad: G.B. Road | T.B. Road • Coimbatore • Bengaluru: Jayanagar | Kasturba Road

MAVELIMATTOM
BUILDERS
BUILDING CONTRACTORS
PAMPADY
E-mail: mmbuilders@gmail.com
BIJU M. ABRAHAM
98479 83 297
All types of Building design, Plan, Estimate
Supervision and Contract Works